പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4771 05.02.2014 ലെ മറുപടിയ്ക്ക്

## കാർഷികവിളകളുടെ ഉത്പാദനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ.കെ.ബാലൻ<br>ശ്രീ.ഇ.പി.ജയരാജൻ<br>ശ്രീ.കെ.കെ.ജയചന്ദ്രൻ<br>ശ്രീ.എം.ചന്ദ്രൻ | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ കാർഷിക വിളകളുടെ വിസ്തൃതി, ഉല്പാദനം, ഉല്പാദനക്ഷമത എന്നിവയുടെ പ്രവണതകളും നേട്ടകോട്ടങ്ങളും സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഏതെല്ലാം വിളകളുടെ വിസ്തൃതിയിൽ മുൻവർഷത്തിൽ കുറവുണ്ടായിട്ടുണ്ട്; | (ബി) നെല്ല്, തെങ്ങ്, കുരുമുളക്, ഇഞ്ചി, പയർ വർഗ്ഗങ്ങൾ, മരച്ചീനി എന്നീ വിളകളുടെ വിസ്തൃതിയിലാണ് മുൻവർഷത്തിൽ നിന്നും കുറവുകാണുന്നത്. |
| (സി) ഉല്പാദനത്തിൽ കുറവുവന്ന പ്രധാന ഭക്ഷ്യവിളകൾ ഏതെല്ലാമാണ്; | (സി) നെല്ല്, മരച്ചീനി |
| (ഡി) ഭക്ഷ്യവിളകളിൽ ഉല്പാദനക്ഷമത 2011-12 നെ അപേക്ഷിച്ച് 2012-13 ൽ കുറഞ്ഞുപോയവ ഏതെല്ലാമാണ്; ഇതിനുള്ള കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; | (ഡി) നെല്ലിന്റെ ഉല്പാദനക്ഷമതയിൽ കുറവു വന്നിട്ടുണ്ട്. പ്രകൃതിക്ഷോഭം (കനത്ത മഴയും വെള്ളക്കെട്ടും) മൂലമുണ്ടായ കൃഷിനാശമാണ് നെല്ലിന്റെ ഉല്പാദനത്തിലും ഉല്പാദനക്ഷമതയിലും കുറവുണ്ടാകാൻ കാരണം. |
| (ഇ) വിസ്തൃതിയും ഉല്പാദനവും ഉല്പാദന ക്ഷമതയും വർദ്ധിപ്പിക്കാൻ നിലവിലുള്ളതിൽ നിന്നും വ്യത്യസ്തമായി എന്തെങ്കിലും ഫലപ്രദമായ നടപടി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (ഇ) വിസ്തൃതി വ്യാപന പദ്ധതികൾ കൂടാതെ വിളകളിൽ നിന്നും, നിശ്ചിത ഭൂമിയിൽ നിന്നുമുള്ള പരമാവധി ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി ഹൈടെക് ഫാമിംഗ് കൃത്യത കൃഷി, സംയോജിത കൃഷി പരിപാലനം, മണ്ണ്-വിള ആരോഗ്യ പരിപാലനം എന്നീ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ